## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

# അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കൽ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 1748 31.01.18- ൽ മറുപടി നൽകേണ്ടത്

| | ചോദ്യം<br>ശ്രീ.സി.മമ്മൂട്ടി | | ഉത്തരം<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നടന്നിട്ടുള്ള അനധികൃത കെട്ടിട നിർമ്മാണങ്ങൾ ക്രമവൽക്കരിക്കാൻ നിലവിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ; ഇതിനായി പുതുക്കിയ ഓർഡിനൻസുകൾ ഇറക്കിയിട്ടുണ്ടോ; | (എ)<br>&<br>(ബി) | 31/07/2017 വരെയുള്ള അനധികൃത കെട്ടിടങ്ങൾ പിഴ ഈടാക്കി സാധൂകരിയ്ക്കുന്നതിനായി കേരള മുനിസിപ്പാലിറ്റി ആക്റ്റ് 407-)ം വകുപ്പും കേരള പഞ്ചായത്ത് രാജ് ആക്റ്റ് 235 എബി വകുപ്പും ഭേദഗതി ചെയ്ത് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട് ആക്റ്റ് ഭേദഗതി ചെയ്തതിനനുസരിച്ച് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ല. |
| (ബി) | അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കാൻ ഉത്തരവ് പുറപ്പെടുവിച്ചതു മുതൽ നാളിതുവരെ എത്ര അനധികൃത നിർമ്മാണങ്ങൾ ക്രമവത്ക്കരിച്ച് നൽകിയിട്ടുണ്ട്; ഇതിൽ സ്വകാര്യ നിർമ്മാണങ്ങൾ എത്ര; സർക്കാർ നിർമ്മാണങ്ങൾ എത്ര; | | |
| (സി) | 2017 ൽ എത്ര അനധികൃത കെട്ടിടങ്ങൾ ക്രമവത്ക്കരിച്ച് നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ; | (സി) | തിരുവനന്തപുരം ജില്ലയിലെ കിഴുവിലം ഗ്രാമപഞ്ചായത്തിൽ രണ്ടും വിളവൂർക്കൽ ഗ്രാമപഞ്ചായത്തിൽ ഒന്നും അനധികൃത നിർമ്മാണങ്ങൾ ക്രമവത്ക്കരിച്ച് നൽകിയിട്ടുണ്ട്. കൊല്ലം ജില്ലയിൽ 19 അനധികൃത നിർമ്മാണം ക്രമവത്ക്കരിച്ച് നമ്പർ നൽകിയിട്ടുണ്ട്. (ചിറക്കര-2, ഇളമ്പള്ളൂർ-2, ഇളമാട് -1, കുളക്കട -1, കുലശേഖരപുരം -4, പരിത്രേശ്വരം -1, ശാസ്താംകോട്ട -2, തഴവ -6)<br>ആലപ്പുഴ ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ 2017 വർഷത്തിൽ 69 അനധികൃത കെട്ടിടങ്ങൾ ക്രമവത്ക്കരിച്ച് നൽകിയിട്ടുണ്ട്.<br>പത്തനംതിട്ട ജില്ലയിൽ 13 അനധികൃത |

| | | | |
|---|---|---|---|
| | | | കെട്ടിടങ്ങൾ ക്രമവത്ക്കരിച്ച് നല്കിയിട്ടുണ്ട്. കോട്ടയം ജില്ലയിൽ 133 അനധികൃത കെട്ടിടങ്ങൾ ക്രമവത്ക്കരിച്ച് നല്കിയിട്ടുണ്ട്. ഇടുക്കി ജില്ലയിൽ 2017-ൽ 558 അനധികൃത കെട്ടിടങ്ങൾ ക്രമവത്ക്കരിച്ച് നല്കിയിട്ടുണ്ട്. (അറകളം -30, ബൈസൺവാലി -5, ഇടുക്കി -കഞ്ഞിക്കുഴി -259, കാമാക്ഷി -27, കരിമണ്ണൂർ -6, കരിങ്കുന്നം -6, കോടിക്കുളം -1, കൊന്നത്തടി -15, കുടയത്തൂർ -14, കുമളി -12, കുമാരമംഗലം -10, മറയൂർ -3, മണക്കാട് -6, മാങ്കുളം -9, മരിയാപുരം -20, മുട്ടം -18, നെടുങ്കണ്ടം -40, രാജകുമാരി -6, ശാന്തൻപാറ -26, വണ്ണപ്പുറം -5, വാത്തിക്കുടി -15, വെള്ളിമാമറ്റം -25) പാലക്കാട് ജില്ലയിലെ ഗ്രാമ പഞ്ചായത്തുകളിൽ 2017-18 വർഷം അനധികൃതമായി നിർമ്മിച്ച 20 കെട്ടിടങ്ങൾ ക്രമവത്ക്കരിച്ച് നൽകുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ട്. (അഗളി -1, അകത്തേത്തറ -2, ചാലിശ്ശേരി -1, കാവശ്ശേരി -4, പുതുപ്പരിയാരം -3) കോഴിക്കോട് ജില്ലയിലെ കോട്ടൂർ ഗ്രാമപഞ്ചായത്തിൽ ഒരു വീടും, മരുതോംകരയിൽ രണ്ട് വീടും മേപ്പയ്യൂരിൽ രണ്ട് വീടുകളും ക്രമവത്ക്കരിച്ച് നൽകിയിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ ഉളിക്കൽ ഗ്രാമപഞ്ചായത്തിൽ 2017-ൽ ഒരു കെട്ടിട നിർമ്മാണം സർക്കാരിലേയ്ക്ക് കോംപൗണ്ടിംഗ് ഫീസ് ഈടാക്കി ക്രമവൽക്കരിച്ച് നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ നഗരസഭയിലെ വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്. |
| (ഡി) | അനധികൃത കെട്ടിടങ്ങൾക്ക് യു.എ.നമ്പർ നൽകാൻ ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; അപ്രകാരം ചുമതലയുള്ളവർ സർക്കാരിന്റെ നിർമ്മാണങ്ങൾക്ക് യു.എ.നമ്പർ നൽകാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | യു.എ.നമ്പർ നൽകുന്നത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവിയാണ്. ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | പൊതുജനങ്ങൾക്ക് വേണ്ടി സർക്കാർ പുറമ്പോക്ക് ഭൂമിയിൽ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് പി.ഡബ്ല്യു.ഡി.-ആശ്വാസ് നിർമ്മിച്ച അമിനിറ്റി സെന്ററുകൾക്ക് യു.എ.നമ്പർ | (ഇ) | $100m^2$ വരെയുള്ള താമസ കെട്ടിടങ്ങൾക്ക് യു.എ നമ്പർ നൽകി വൈദ്യുതി, വാട്ടർ കണക്ഷൻ, റേഷൻകാർഡ്, വോട്ടർ പട്ടികയിൽ പേര് ചേർക്കൽ എന്നീ ആവശ്യങ്ങൾക്ക് സർട്ടിഫിക്കറ്റ് നൽകാവുന്ന-താണ്. അമിനിറ്റി സെന്റർ എന്ന |

| | | | |
|---|---|---|---|
| | നൽകുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; | | കെട്ടിടത്തിന് 122.90m² ഉള്ളതും താമസ ആവശ്യത്തിനല്ലാത്തതുമാണ്. |
| (എഫ്) | തിരൂർ നഗരത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കൈവശമുള്ള പുറമ്പോക്ക് ഭൂമിയിൽ എം.എൽ.എ.യുടെ ആസ്തി വികസന പദ്ധതി പ്രകാരം പി.ഡബ്ല്യു.ഡി. ആശ്വാസ് പണികഴിപ്പിച്ച "പബ്ലിക് അമിനിറ്റി സെന്ററിന്" അനധികൃത നിർമ്മാണമെന്ന് ആരോപിച്ച് തിരൂർ നഗരസഭ അധികാരികൾ യു.എ.നമ്പർ അനുവദിക്കാത്തത് മൂലം വൈദ്യുതി-കുടിവെള്ള കണക്ഷനുകൾ ലഭിക്കുന്നതിനും, പൊതുജനങ്ങൾക്ക് ഉപയോഗിക്കുന്നതിനും തടസ്സം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ യു.എ. നമ്പർ നൽകാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ; അനധികൃത നിർമ്മാണം ക്രമവൽക്കരിക്കാനുള്ള നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ടവർക്ക് ആവശ്യമായ ഉത്തരവ് നൽകാൻ തയ്യാറാകുമോ; | (എഫ്) & (ജി) | ഇക്കാര്യം പരിശോധിച്ചുവരുന്നതാണ്. |
| (ജി) | പൊതുജനങ്ങളുടെ നികുതിപ്പണം ഉപയോഗിച്ച് പൊതു താൽപര്യം മുൻനിർത്തി സർക്കാർ നിർമ്മിച്ചിട്ടുള്ള ഇത്തരം കെട്ടിടങ്ങൾ, നിർമ്മാണ ചട്ടങ്ങൾ പാലിക്കുന്നതിൽ എന്തെങ്കിലും വീഴ്ച വരുത്തിയിട്ടുണ്ടെങ്കിലും പൊതുജനങ്ങൾക്കായി നിർമ്മിച്ച സ്ഥാപനം എന്ന നിലയ്ക്ക്, നിലവിലുള്ള നിയമങ്ങളിൽ ഇളവ് നൽകി കെട്ടിട നമ്പർ അനുവദിച്ച് അവ പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാക്കുന്നതിന് അനുമതി നൽകാൻ തയ്യാറാകുമോ? | | |

സെക്ഷൻ ഓഫീസർ